**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - കണ്ണൂർ കോർപ്പറേഷൻ - റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പുതിയ റോഡ് ടാറിംഗിന് തുക ഉപയോഗിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.3653/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 13/11/2017

---

പരാമർശം - 1. കണ്ണൂർ കോർപ്പറേഷൻറെ 13/06/2017- 1)0 നമ്പർ ഭരണ സമിതി തീരുമാനം.

2.. കണ്ണൂർ കോർപറേഷൻ മേയറുടെ 10/08/2017-ലെ സി3 - 27922//2016 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017-ലെ തീരുമാനം നം.4.14.

**ഉത്തരവ്**

കണ്ണൂർ കോർപ്പറേഷനിൽ റോഡ് മെയിന്റനൻസ് ഗ്രാന്റായി 11,50,02,000/- രൂപ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ റോഡ് മെയിന്റനൻസിനായി 8,34,79,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും, പുതിയ റോഡു ടാറിംഗിന് തുക തികയാത്തതിനാൽ 3,15,23,000/- രൂപ റോഡ് മെയിന്റൻസ് ഗ്രാന്റിൽ നിന്നും റോഡ് ടാറിംഗിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നുള്ള കോർപ്പറേഷൻറെ ആവശ്യത്തിന്മേൽ പരാമർശം(3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പുതുതായി 5 ഗ്രാമപഞ്ചായത്ത് കൂടി കൂട്ടിച്ചേർത്താണ് കോർപ്പറേഷൻ രൂപീകരിച്ചത് എന്ന വസ്തുത പരിഗണിച്ച്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കണമെന്ന നിബന്ധനയോടെ, ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ